STATE COUNCIL OF EDUCATIONAL RESEARCH AND TRAINING
SCERT Kerala
Vidyabhavan, Poojappura, Thiruvananthapuram - 695 012
Phone: 0471 - 2341883, 2340323, fax: 0471-2341869
E-mail: scertkerala@gmail.com, web: www.scert.kerala.gov.in

പ്രസിദ്ധീകരണത്തിന്

# പൊതുവിദ്യാഭ്യാസ മേഖലയിലെ മികവാർന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരം

പൊതുവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക മികവ് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 അധ്യയനവർഷം പൊതുവിദ്യാലയങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന മികച്ച അക്കാദമിക പ്രവർത്തനങ്ങൾ കണ്ടെത്തി അംഗീകാരം നൽകുന്നതിനും അവ വ്യാപിപ്പിക്കുന്നതിനും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) തീരുമാനിച്ചിട്ടുണ്ട് (മികവ് സീസൺ - 5).

പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറിവരെയുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്കും അധ്യാപകവിദ്യാഭ്യാസ (ഡി.എൽ.എഡ്) സ്ഥാപനങ്ങൾക്കും അപേക്ഷിക്കാം. പാഠ്യപദ്ധതി സമീപനത്തിന് അനുസൃതമായതും നൂതനവുമായ അക്കാദമിക പ്രവർത്തനങ്ങളാണ് പരിഗണിക്കുന്നത്. വിദ്യാഭ്യാസ ഗുണമേന്മവർധിപ്പിക്കൽ, അക്കാദമിക മികവ്, വിവിധ പഠനപരിപോഷണ പരിപാടികൾ, വിലയിരുത്തൽ തുടങ്ങിയവയിലെ മികച്ച മാതൃകകളാണ് ഉൾപ്പെടുത്തേണ്ടത്. ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇവ ഡിജിറ്റലായും പ്രിന്റായും ഡോക്യുമെന്റ് ചെയ്ത് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതാണ്.

പദ്ധതികളും വിശദാംശങ്ങളും ഉൾപ്പെടുന്ന (ചിത്രങ്ങൾ, ഡിജിറ്റൽ രേഖകൾ, പത്രക്കുറിപ്പുകൾ തുടങ്ങിയവ) അപേക്ഷകൾ സ്കൂൾ മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ **2023 ഫെബ്രുവരി 25** നകം ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. പൂജപ്പുര, തിരുവനന്തപുരം - 695 012 എന്ന വിലാസത്തിൽ ലഭ്യമാക്കണം. *scertresearch@gmail.com* എന്ന ഇ-മെയിൽ വിലാസവും ഉപയോഗിക്കാവുന്നതാണ്.

ഡയറക്ടർ

sys/sidhik/d/sidhik/letter mal